**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6508** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങളും ചുമതലകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഭവന നിർമ്മാണ ബോർഡ് നിലവിൽ വഹിച്ചുകൊണ്ടിരിക്കുന്ന ചുമതലകളും നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | 1971-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി വ്യവസ്ഥാപിതവും ആസൂത്രിതവുമായി സംസ്ഥാനത്തൊട്ടാകെ കെട്ടിട നിർമ്മാണ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുകയാണ് ഭവന നിർമ്മാണ ബോർഡിന്റെ പ്രധാന ഉദ്ദേശലക്ഷ്യം |
| (ബി) | എങ്കിൽ ബോർഡിന്റെ പ്രവർത്തനങ്ങൾ കാലോചിതവും ശാസ്ത്രീയവുമായി പരിഷ്കരിച്ച് ഉദ്ദേശ്യലക്ഷ്യങ്ങൾ സാധൂകരിക്കുന്ന തരത്തിൽ ആക്കുന്നതിനും സംസ്ഥാനത്തിന് ഗുണകരമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ബി) | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ, ഇന്നവേറ്റീവ് ഹൗസിംഗ് സ്കീം, ഗൃഹശ്രീ പദ്ധതി, സാഫല്യം പദ്ധതി, ആശ്വാസ് വാടക വീട് പദ്ധതി, ദുർബ്ബല / താഴ്ന്ന വരുമാന വിഭാഗക്കാർക്കുള്ള ഭവന പദ്ധതി, സർക്കാർ ജീവനക്കാർക്കായുള്ള വാടക വീട് പദ്ധതി, ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി, പാരസ്പര്യം പദ്ധതി, സൗഹൃദം ഭവന പദ്ധതി, ഓഫീസ് കം കൊമേഴ്സ്യൽ / ഷോപ്പിംഗ് കോംപ്ലക്സുകൾ, തനത് ഫണ്ട് പദ്ധതികൾ, കൺസൾട്ടൻസി/ ഡെപ്പോസിറ്റ് / കരാർ നിർമ്മാണം എന്നിവയാണ് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പാക്കുന്ന പ്രധാന പദ്ധതികൾ. സംസ്ഥാനത്തെ വിവിധ വരുമാന വിഭാഗം ജനങ്ങളുടെ പാർപ്പിടാവശ്യങ്ങൾക്ക് തൃപ്തികരമായ രീതിയിൽ പരിഹാരം കാണുന്നതിന് അനുയോജ്യവും, വൈവിധ്യവുമാർന്ന പൊതുഭവന നിർമ്മാണ/ പാർപ്പിട പദ്ധതികൾ ഭവനനിർമ്മാണ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ